**വളരെ അടിയന്തിരം**

നം - എൻ2/35011/2015/ഡി.പി.ഐ

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി.04/08/2016
Email: scholarshipdpi@gmail.com
Phone No. 0471 – 2328438

# സർക്കുലർ

വിഷയം :-പൊതുവിദ്യാഭ്യാസം - ന്യൂനപക്ഷ വിഭാഗം പ്രീ-മെട്രിക് സ്കോളർഷിപ്പ് 2015-16 കുട്ടികളുടെ ബാങ്ക് അക്കൗണ്ട് , ഐ.എഫ്.എസ് കോഡ്, തെറ്റ് തിരുത്തുന്നത്- സംബന്ധിച്ച്.

സൂചന :-

2015-16 വർഷത്തെ ന്യൂനപക്ഷ വിഭാഗം കുട്ടികൾക്കായുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പിന് അപേക്ഷിച്ചിട്ടുള്ള അർഹരായ കുട്ടികളിൽ പലരുടെയും ബാങ്ക് അക്കൗണ്ടും, ബാങ്കിന്റെ ഐ.എഫ്.എസ്. കോഡും തെറ്റായി/അവ്യക്തമായി രേഖപ്പെടുത്തിയിട്ടുള്ളതിനാൽ സ്കോളർഷിപ്പ് തുക കുട്ടികളുടെ അക്കൗണ്ടിലേയ്ക്ക് നിക്ഷേപിക്കാൻ സാധിക്കുന്നില്ലായെന്ന് കേന്ദ്ര ന്യൂനപക്ഷമന്ത്രാലയം/ന്യൂനപക്ഷ സെൽ അറിയിച്ചിരിക്കുന്നു. അപ്രകാരം ലഭിച്ചിട്ടുള്ള കുട്ടികളുടെ വിവരങ്ങൾ വിദ്യാഭ്യാസവകുപ്പിന്റെയും, ഐ.റ്റി@ സ്കൂളിന്റെയും വെബ്സൈറ്റുകളിൽ ജില്ല തിരിച്ച് പ്രസിദ്ധീകരിച്ചിട്ടുണ്ട്. സ്കൂൾ അധികൃതർ/രക്ഷകർത്താക്കൾ/ കുട്ടികൾ പ്രസ്തുത പട്ടിക വിശദമായി കൃത്യതയോടെ പരിശോധിക്കുകയും, നാളിതുവരെയും സ്കോളർഷിപ്പ് ലഭിക്കാത്ത കുട്ടികളിൽ ബാങ്ക് അക്കൗണ്ട്/ഐ.എഫ്.എസ് കോഡും തെറ്റായി/അവ്യക്തമായി രേഖപ്പെടുത്തി അപ് ലോഡ് ചെയ്ത കുട്ടികളുടെ പേര് ഉൾപ്പെട്ടിട്ടുണ്ടോയെന്ന് പരിശോധിച്ച് കണ്ടെത്തേണ്ടതുമാണ്.

ഏതെങ്കിലും കുട്ടിയുടെ ബാങ്ക് അക്കൗണ്ട്/ഐ.എഫ്.എസ് കോഡ് എന്നിവ തെറ്റായി/അവ്യക്തമായി രേഖപ്പെടുത്തിയിട്ടുള്ളതായി കണ്ടെത്തിയാൽ ചുവടെ നൽകിയിട്ടുള്ള മാതൃകാ ഫോർമാറ്റിൽ എക്സൽ ആയി (Excel) scholarshipdpi@gmail.com എന്ന വിലാസത്തിൽ **20/08/2016 ന് മുൻപ്** ഇ-മെയിൽ ആയി അറിയിക്കേണ്ടതാണ്.

**തെറ്റായ ബാങ്ക് അക്കൗണ്ടും ഐ.എഫ്.എസ് കോഡും രേഖപ്പെടുത്തി നൽകിയത് പരിഹരിക്കുന്നതിന് കൂടുതൽ സമയം അനുവദിക്കുകയോ, വീണ്ടും ഒരവസരം ലഭിക്കുന്നതോ അല്ല.** കുട്ടികളുടെ സ്കോളർഷിപ്പിനായുള്ള ബാങ്ക് അക്കൗണ്ട് ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ ആണെന്ന് എല്ലാ സ്കൂൾ അധികൃതരും ഉറപ്പു വരുത്തേണ്ടതാണ്. മറ്റേതെങ്കിലും അപാകത കാരണം സ്കോളർഷിപ്പ് തുക ലഭിക്കാത്ത കുട്ടികളുടെ രജിസ്ട്രേഷനിലെ അപാകത പരിഹരിക്കുന്നതിനായുള്ള നിർദ്ദേശങ്ങൾ ന്യൂനപക്ഷസെല്ലിൽ നിന്നും ലഭിക്കുന്ന പ്രകാരം പിന്നീട് നൽകുന്നതായിരിക്കും.

**പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി**

**ഉള്ളടക്കം:- എക്സൽ ഫോർമാറ്റ്**

**പകർപ്പ് -**
1. **എല്ലാ ഡി.ഡി.മാർക്കും**
2. **എല്ലാ ഡി.ഇ.ഒ മാർക്കും**
3. **എല്ലാ എ.ഇ.ഒ മാർക്കും**
4. **എല്ലാ പ്രധമാധ്യാപകർക്കും- തുടർ നടപടികൾക്കായി**